**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 756** **14-10-2026-ൽ മറുപടിയ്ക്ക്**

**കട്ടേല മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. മുരളീധരൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിലുള്ള കട്ടേല മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഹ്യൂമാനിറ്റീസ് വിഷയം ഇല്ലാത്തതുകൊണ്ട് പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ മേഖലയിൽ തുടർ പഠനത്തിന് സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കട്ടേല മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ് വിഷയം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള മറ്റ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹ്യൂമാനിറ്റീസ് വിഷയം നിലവിലുള്ളതിനാൽ ഈ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിന് താല്പര്യമുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് തടസ്സം നേരിടുന്ന സാഹചര്യം നിലവിലില്ല.

**(ബി)** കട്ടേല മോഡൽ റസിഡൻഷ്യൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഹ്യൂമാനിറ്റീസ് ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**മറുപടി:** നിലവിൽ പരിഗണനയിലില്ല.

**(സി)** പ്രസ്തുത സ്കൂളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യം ലഭ്യമല്ല എന്നതിനാൽ ഇതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** കട്ടേല സ്കൂളിലെ വിദ്യാർത്ഥികൾക്ക് ലഘു കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിനായി ഒരു സ്കൂൾ ഗ്രൗണ്ട് നിലവിലുണ്ട്. കൂടുതൽ സൗകര്യമുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നതിന് ശ്രമിക്കുന്നുണ്ടെങ്കിലും സ്കൂൾ നഗര പരിധിയിലായതിനാൽ സ്ഥല പരിമിതി നേരിടുന്നുണ്ട്. എന്നിരുന്നാലും സമീപത്തുള്ള സ്കൂളുകളുടെ ഗ്രൗണ്ടുകളിൽ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നടത്തുന്നതിനുള്ള സൗകര്യം നിലവിൽ ഒരുക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**